# അദ്ധ്യായം - 16

സ്വർഗ്ഗീയ ദേവാലയത്തിൽ നിന്നും യോഹന്നാൻ കേട്ട ശബ്ദം - വെളി:(16:1)

ക്രോധകലശം എന്നാൽ ദൈവക്രോധം നിറയ്ക്കപ്പെട്ട പാത്രം അഥവാ ഉപകരണം എന്നാണ് അർത്ഥം .ഏഴ് പൂർണ്ണതയെ കാണിക്കുന്നതിനാൽ ഏഴ് ദൂതൻമാരെ ഏഴ് പൊൻകലശം ഏല്പിച്ചത്. ഇതിനാൽ ദൈവക്രോധം പൂർണ്ണമാകുന്നു. എതിർക്രിസ്തുവിന്റെ രാജ്യം തകർന്ന് തരിപ്പണമാകുകയും , രാജാധിരാജന്റെ രാജ്യസ്ഥാപനത്തിന് വഴി ഒരുങ്ങുകയും ചെയ്യുന്നു.

കലശങ്ങൾ അഥവാ പാത്രങ്ങൾ മനുഷ്യരത്രേ. തെളിവ് - (അ:പ്ര 9:15)റോമ :(9:20-24) ക്രോധകലശം ഭൂമിയിൽ ഒഴിക്കുമ്പോൾ അതിന്റെ പ്രതികരണം അണുശക്തി, ന്യൂക്ലിയർ പവ്വർ എന്നിവയുടെ കേളീരംഗമായി മാറും . ഓർക്കുക ഒന്നും സ്വർഗ്ഗത്തിൽ നിന്നുള്ളതല്ല.എന്നാൽ എല്ലാത്തിന്റെയും നിയനന്ത്രിതാവ് സ്വർഗ്ഗമാണ്. ദൈവക്രോധം പൊൻകലശങ്ങളിൽ (വിലയേറിയവ) എന്ന് വെളിപ്പാട് (15:7) ൽ കാണാം  അതായത് ദൈവക്രോധം ഭൂമിയിൽ ഒഴിക്കപ്പെടുവാൻ ഒരുക്കിയിരിക്കുന്നത് ശ്രേഷ്ഠൻമാരായ മനുഷ്യപാത്രങ്ങളെ തന്നെയാണ്. അവർ രാജ്യതന്ത്രജ്ഞൻമാർ, ഭരണകർത്താക്കൾ, നേതാക്കൾ ,രാജാക്കൻമാർ എന്നീ നിലയിലുള്ളവർ മാത്രം ആയിരിക്കും . പൂർവ്വകാലത്തുണ്ടായിരുന്ന വാൾ, കുന്തം, പരിച മുതലായ യുദ്ധോപകരണങ്ങൾ കാലാകാലങ്ങളിൽ മാറി ഇന്ന് ന്യൂക്ലിയർ യുഗമാകയാൽ ഒരു ബട്ടൺ അമർത്തിയാൽ സകലതും നശിക്കും എന്ന അവസ്ഥയിലായി. സ്വർഗ്ഗീയ കല്പന ലഭിച്ചാൽ ബട്ടൺ അമരുകയും അന്ത്യന്യായവിധിയായ ക്രോധകലശങ്ങൾ ഒഴിച്ച് തുടങ്ങുകയും ചെയ്യും.

ഒന്നാം ക്രോധകലശം ഭൂമിയിൽ ഒഴിച്ചത് ഒന്നാമത്തെ ദൂതൻ . ഫലം എന്തായിരുന്നു.- വെളി: 16:2 (പുറ : 9:8-12) 16 ആവ : (28:27,35), യെശ (1:6)

രണ്ടാം ക്രോധകലശം രണ്ടാമത്തെ ദൂതൻ കലശം സമുദ്രത്തിൻമേൽ (ഇത് സകല സമുദ്രങ്ങളേയും പ്രതിനിധീകരിക്കുന്നു)

ഒഴിച്ചപ്പോഴുണ്ടായ മാറ്റങ്ങൾ-(വെളി- 16:3)

മൂന്നാം ക്രോധകലശം മൂന്നാമത്തവൻ നദികളിലും നീരുറവകളിലും ഒഴിച്ചപ്പോഴുള്ള മാറ്റം -വെളി:(16:4:7)

## നാലാം ക്രോധകലശം

ഭൂമി,സമുദ്രം, നദികൾ നീരുറവകൾ ഇവയെ തുടർന്ന നാലാം കലശം സൂര്യനിൽ ഒഴിച്ചപ്പോഴുണ്ടായ സൂര്യതാപവും അനന്തരഫലം - വെളി- (16:8-9)

ഇത്രയും അനുഭവിച്ചിട്ടും മാനസാന്തരപ്പെടാതെ ദൈവത്തെ ദുഷിക്കുന്നവരായി ജനം മാറുന്നു.

## അഞ്ചാം ക്രോധകലശം

മൃഗത്തിന്റെ സിംഹാസനത്തിൻമേൽ അഞ്ചാമത്തവൻ കലശം ഒഴിച്ചപ്പോൾ എന്ത് സംഭവിച്ചു?

വെളി- (16:10,11)

പുറ (10:21-23)

**ആറാം ക്രോധകലശം**

ആറാമത്തവൻ തന്റെ കലശം യൂഫ്രട്ടീസ് മഹാനദിയിലൊഴിച്ചപ്പോൾ ഉണ്ടായ സംഭവവികാസങ്ങൾ -വെളി (16:12)

ഈ യൂഫ്രട്ടീസ് മഹാനദിതന്നെയാണ് പഴയ നിയമത്തിലെ ഫ്രാത്ത് നദി. - ഉല്പ (2:10,14)

ഈ മഹാനദിയിലെ വെള്ളമാണ് വറ്റിപ്പോയത്.

പ്രവചനം അറിയുവാൻ വായിക്കുക- യെശ (11:15,16) ഈ നദി ടർക്കിയിൽ നിന്നാരംഭിക്കുന്നു. ഈ നദിയുടെ വിവിധയിടങ്ങളിലായി ഇരുപതോളം അണക്കെട്ടുകളും , വൈദ്യുതോല്പാദനകേന്ദ്രങ്ങളും ഉള്ളതിനാൽ നദിയുടെ ഒഴുക്ക് കുറഞ്ഞ് നദി ഉണങ്ങും എന്നാണ് കരുതുന്നത്. ഇത് വൻ ശക്തികൾക്ക് കടക്കുവാനുള്ള വഴിയായിത്തീരുന്നു.

(ഹർമ്മഗദ്ദോൻ യുദ്ധത്തിന്റെ പ്രഖ്യാപനവും സൈന്യത്തിന്റെ കൂടിച്ചേരലും ഈ അദ്ധ്യായത്തിൽ കാണുന്നു. (വെളി : 16:13-16)

സാത്താന്യ ത്രിമൂർത്തികളുടെ വായിൽ നിന്ന് പുറപ്പെടുന്നതായി യോഹന്നാൻ കണ്ടത് -വെളി (16: 13,14)

(തവള ഇരയെ പിടിക്കുന്നത് നാക്കുകൊണ്ടാണ് . ഇതുപോലെ ഈ മൂന്ന് അശുദ്ധാത്മാക്കൾ , സംസാരഇന്ദ്രിയമായ വായും , നാവും കൊണ്ട് അഥവാ ഉച്ഛ്വാസത്താൽ എന്നതിന്റെ അർത്ഥം അവരുടെ ഉപദേശത്താൽ ഭൂതലത്തിലുള്ള മഹാരാജാക്കൻമാരെ സർവ്വശക്തന്റെ യുദ്ധത്തിനായി കൂട്ടിച്ചേർക്കുവാൻ ചെല്ലും . അവരുടെ വായിൽ നിന്ന് പുറപ്പെടുന്ന ഭോഷ്ക്കിന്റെ വാക്കുകൾ ജനത്തേയും , ലോക നേതാക്കളേയും , സൈന്യത്തേയും ഹർമ്മഗദ്ദോനിലെത്തിക്കുന്നു.

(ഭോഷ്ക്ക് പറഞ്ഞതിനുദാഹരണം - 2 ദിന 18:18-22)

മിസ്രേമ്യ ദേവതയ്ക്കുള്ള പ്രതിഷ്ഠയാണ് തവള. മിസ്രേമ്യ മന്ത്രവാദികളെ പോലെ മൃഗവും അത്ഭുതം കാണിക്കും . ദൈവീക അത്ഭുതങ്ങൾ ഇതിലും വലിയവ അല്ല എന്ന് എല്ലാവരോടും സമർത്ഥിച്ചാണ് ഇവരെ ഹർമ്മദ്ദോനിൽ കൂട്ടി വരുത്തുന്നത്. യുദ്ധത്തിന്റെ പരിണിതഫലം - കർത്താവ് തന്റെ വായിലെ വാളുകൊണ്ട് അഥവാ വായ് കൊണ്ടുള്ള ഊനത്തിനാൽ ഇവരെ നിഗ്രഹിക്കും .

**ഏഴാം ക്രോധകലശം-**

ഏഴാമത്തവൻ ഇത് എവിടെ ഒഴിച്ചു, അനന്തരഫലമെന്ത്? - വെളി : (16:17,21)

സകലവും നിവർത്തിയായി എന്ന് ക്രൂശിൽ കിടന്ന് വിളിച്ചു പറഞ്ഞവന്റെ ശബ്ദം തന്നെയാണ് ദേവാലയ സിംഹാസനത്തിൽ നിന്നും വന്നത്.

" സംഭവിച്ചു തീർന്നു"

മഹാനഗരം (മഹാബാബിലോൺ ) - ഈ പട്ടണത്തെ ആര് നിലനിർത്തുവാൻ ശ്രമിച്ചാലും ഏഴാം കലശം ഒഴിക്കുമ്പോൾ തകരും . തുടർന്ന് പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾ -വെളി (16: 18-20)

ബാധകൾ ഉണ്ടാകുവാനുള്ള കാരണം - ലേവ്യ (26: 14-26)

ന്യായപ്രമാണം തെറ്റിക്കുന്നവരെ കല്ലെറിയണമെന്നാണ് പ്രമാണം - ലേവ്യ: (24:16)

അതുപോലെയാണോ വെളി (16:21) ലും കന്മഴയുടെ ബാധയുണ്ടായതെന്ന് ചിലർ ചിന്തിക്കുന്നതിലും തെറ്റില്ല.

ഇത്രവലിയ ബാധകൾ അഭിമുഖീകരിച്ചിട്ടും ജീവനോടിരിക്കുന്നവർക്ക് മാനസാന്തരപ്പെടുവാൻ താല്പര്യമില്ലാതെ ദൈവനിഷേധികളാകുന്നു. പ്രീയ സഹോദരങ്ങളേ ! ഈ കൃപായുഗം നഷ്ടമാക്കാതെ , മാനസാന്തരപ്പെടുക.

കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ.